1. ഉദ്യാന വിളകൾ ഉൾപ്പെടെയുള്ള ഹ്രസ്വകാല കാർഷിക വിളകൾക്ക്

ഹെക്ടറിന് 4,500 രൂപ (മഴയെ ആശ്രയിച്ചുള്ള കൃഷിയിടങ്ങളിൽ) ഹെക്ടറിന് 9,000 രൂപ (ജലസേചനം ആശ്രയിച്ചുള്ള കൃഷിയിടങ്ങൾ)

2. ദീർഘകാല വിളകൾക്ക്

ഹെക്ടറിന് 12,000 രൂപ സ.ഉ.(എംഎസ്.) നമ്പർ 194/2015/ഡി. എം.ഡി., തീയതി 20-5-2015 പ്രകാരം 1-4-2015 മുതൽ നഷ്ടപരിഹാരത്തുക യഥാക്രമം ഹെക്ടറിന് 6,800 രൂപ, 13,500 രൂപ, 18,000 രൂപ നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സ.ഉ.(എംഎസ്.)നമ്പർ 239/12/ഡി.എം.ഡി., പ്രകാരമുള്ള നിരക്കിൽ തന്നെ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

കൃഷി ഓഫീസിന് കെട്ടിടം

104 (2737) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആവശ്യമായ തുക അനുവദിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കൃഷിഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വയാകയാൽ അവയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനാൽ വള്ളിക്കുന്നം കൃഷിഭവന് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കേണ്ടത് വള്ളിക്കുന്നം ഗ്രാമപഞ്ചായത്താണ്.

കൃഷിവകുപ്പ് വക ഭൂമി

105 (2738) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

2011 മേയ് മാസം മുതൽ 2015 മേയ് വരെയുള്ള കാലയളവിൽ കൃഷിവകുപ്പ് വക എത്ര ഭൂമിയാണ് വിവിധാവശ്യങ്ങൾക്കായി മറ്റുവകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമായി വിട്ടുനൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2011 മേയ് മാസം മുതൽ 2015 മേയ് വരെയുള്ള കാലയളവിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി മറ്റുവകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഏജൻസി കൾക്കുമായി വിവിധാവശ്യങ്ങൾക്കായി വിട്ടുനൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം ജില്ലയിലെ വലിയതുറ കോക്കനട്ട് നഴ്സറിയുടെ 39 സെന്റ് സ്ഥലം എയർപോർട്ട് അതോറ്റിക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

AUWM (കാർഷിക നഗര മൊത്ത വ്യാപാര വിപണി) ആറയറയിൽ നിന്നും കെ.എസ്.ആർ.റ്റി.സി. ഡിപ്പോ പണിയുന്നതിന് 3.5 ഏക്കർ സ്ഥലം പാട്ട വ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഹാർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ പ്രൊക്യൂർമെന്റ് സെന്ററിനുവേണ്ടി 37.5 സെന്റ് സ്ഥലം പ്രസ്തുത വിപണിയിൽനിന്നും പാട്ട വ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്.

2. പത്തനംതിട്ട ജില്ലയിലെ പന്തളം കരിമ്പ് വിത്തുല്പാദന കേന്ദ്രത്തിന്റെ 2.1868 ഹെക്ടർ സ്ഥലം നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജിന്റെ റോഡ് നിർമ്മിക്കുന്നതിനായി നൽകിയിട്ടുണ്ട്. കൂടാതെ പന്തളം ഫാമിന്റെ 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിനായി നൽകുന്നതിന് സ.ഉ.(എഎസ്.) നമ്പർ 51/2015/ആർ.ഡി. തീയതി 2-2-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

3. കോട്ടയം ജില്ലയിലെ കോഴാ ജില്ലാ കൃഷിത്തോട്ടത്തിന്റെ 30 ഏക്കർ ഭൂമി സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കീഴിൽ സയൻസ് സ്റ്റിക്കു വേണ്ടി നൽകുന്നതിന് സ.ഉ.(സാധാ) നമ്പർ 593/13/കൃഷി, തീയതി 3-4-213 പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. എം.സി. റോഡിന്റെ വികസനത്തിനായി കൃഷി വകപ്പിന്റെ ഉടമസ്ഥത യിലുള്ള കോട്ടയം ജില്ലയിലെ കോഴാഫാമിന്റെ ഏകദേശം 42.2 ആർ സ്ഥലം നൽകുന്നതിന് സ.ഉ.(എം.എസ്)നമ്പർ 507/14/റവന്യൂ, തീയതി 6-12-2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

5. ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 10 ഏക്കർ സ്ഥലം സ.ഉ.(കൈ) നമ്പർ 488/13/റവന്യൂ തീയതി 1-11-2013 പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

6. തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭാഗമായ 1ഏക്കർ 12.75 സെന്റ് സ്ഥലം എൻ.എച്ച്.47 ആറുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി നോട്ടിഫിക്കേഷൻ നൽകി വിട്ടുനൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് സംസ്ഥാനതലത്തിൽ അന്തിമ തീരുമാന ഉത്തരവ് ലഭിച്ചിട്ടില്ല.

7. പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഐ.എസ്.ഡി ഫാമിൽനിന്നും സർവ്വേ നമ്പർ 194/1- ൽ 93.82 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

8. വയനാട് ജില്ലയിലെ സുൽത്താൻബത്തേരി ARWM (കാർഷിക ഗ്രാമീണ മൊത്ത വ്യാപാര വിപണി)-ൽനിന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനായി 50 സെന്റ് സ്ഥലം വിട്ടുനൽകിയിട്ടുണ്ട്.

കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശഭൂമി

106 (2739) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം ആകെ എത്ര ഏക്കർ ഭൂമിയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ 2006-ന്ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ കൈവശ ഭൂമിയിൽനിന്ന് എത്ര ഭൂമിയാണ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പതിച്ചു കൊടുത്തതെന്ന് സ്ഥാപനം, വ്യക്തി, വർഷം, പതിച്ചുകൊടുത്ത ഭൂമിയുടെ അളവ് എന്നിവയുടെ പട്ടിക ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly